പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 877 | 14-10-2026-ൽ മറുപടിയ്ക്ക്

**പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന മൈക്രോ ഇറിഗേഷൻ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. സുമേഷ് അച്ചുതൻ | ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പാലക്കാട് ജില്ലയിൽ സർക്കാർ തലത്തിൽ എത്ര മൈക്രോ ഇറിഗേഷൻ പദ്ധതികളാണ് നടപ്പിലാക്കുന്നത്; അവയുടെ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തിയായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പാലക്കാട് ജില്ലയിൽ കിഫ്ബി ഫണ്ടും സ്റ്റേറ്റ് പ്ലാൻ ഫണ്ടും ആർ.കെ.ഐ. ഫണ്ടും ഉപയോഗിച്ചാണ് മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള ഒരു കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയും ആർ.കെ.ഐ. ഫണ്ട് ഉപയോഗിച്ചുള്ള നാല് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

1. കരടിപ്പാറ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി (സ്റ്റേറ്റ് പ്ലാൻ ഫണ്ട്)
2. മൂങ്കിൽമട കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി (ആർ.കെ.ഐ. ഫണ്ട്)
3. വലിയേരി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി (ആർ.കെ.ഐ. ഫണ്ട്)
4. നാവിതൻകുളം കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി (ആർ.കെ.ഐ. ഫണ്ട്)
5. കുന്നംകാട്ടുപതി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി (ആർ.കെ.ഐ. ഫണ്ട്)

**(ബി)** പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഓരോ വിളയ്ക്കും പ്രതിദിനം എത്ര ലിറ്റർ വെള്ളം നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും പൂർത്തിയായ പദ്ധതികളിൽ ഉദ്ദേശിച്ച അളവിൽ ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

**മറുപടി:** നിലവിൽ തെങ്ങുകൾക്ക് മാത്രമാണ് പദ്ധതി ഉദ്ദേശിച്ചിട്ടുള്ളത്. പ്രതിദിനം 64 ലിറ്റർ വെള്ളം ആണ് ഓരോ തെങ്ങുകൾക്കും വേണ്ടി ഡിസൈൻ ചെയ്തിട്ടുള്ളത്. മൂലത്തറ വലതുകര കനാലിലൂടെ ഒഴുകിവരുന്ന ജലവും പ്രദേശത്ത് ലഭ്യമാകുന്ന മഴയും ആണ് മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ മുഖ്യ ജലസ്രോതസ്സായി കണക്കിലെടുത്തിട്ടുള്ളത്. ഇവയിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ ജലവിതരണത്തെ കാര്യമായി ബാധിക്കാറുണ്ട്.

**(സി)** പ്രസ്തുത പദ്ധതികളിൽ വൈദ്യുതി സൗജന്യമായി നൽകുന്നുണ്ടോ; സൗജന്യമായിട്ടല്ലെങ്കിൽ അതിനുള്ള തുക ഈടാക്കുന്നത് എങ്ങനെയെന്നും പൂർത്തിയായ പദ്ധതികളിൽ ഇതുവരെ ഉപയോഗിച്ച

വൈദ്യുതിയുടെ അളവും വ്യക്തമാക്കാമോ;

__മറുപടി:__ കരടിപ്പാറയിലും മൂങ്കിൽമടയിലും ചെറുകിട ജലസേചന വകുപ്പിന് കീഴിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് പകരം ആണ് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ഇവയുടെ വൈദ്യുതി ചെറുകിട ജലസേചന വകുപ്പ് ആണ് അടച്ചു വരുന്നത്. മൂങ്കിൽ മട,കരടിപ്പാറ പദ്ധതികളിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷന്റെ പമ്പിംഗും മൈക്രോ ഇറിഗേഷനും ഒരു കണക്ഷനാണുള്ളത്. ഇതിൽ മൂങ്കിൽമട പദ്ധതിയിൽ മൈക്രോ ഇറിഗേഷനുള്ള പമ്പിംഗ് കാര്യമായി നടന്നിട്ടില്ല. കരടിപ്പാറ പദ്ധതിയിൽ മൈക്രോ ഇറിഗേഷന് വേണ്ടി സ്ഥാപിച്ച മോട്ടോർ ഉപയോഗിച്ചാണ് പമ്പിംഗ് നടത്തുന്നത്. ആയതിന് 1708 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചിട്ടുണ്ട്. നാവിതൻകുളം, കുന്നംകാട്ടുപതി, വലിയേരി എന്നീ പദ്ധതികൾ ജലസേചന വകുപ്പിന് കൈമാറിയിട്ടില്ലാത്തതിനാൽ നിലവിൽ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC) ആണ് വൈദ്യുതി ബില്ലടയ്ക്കുന്നത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നാവിതൻകുളം – 2105 unit.
2. കുന്നംകാട്ടുപതി – 2213 unit.
3. വലിയേരി – 333 unit.

**(ഡി)** പ്രസ്തുത പദ്ധതികളിൽ സോളാർ വൈദ്യുതി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

__മറുപടി:__ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾക്കായി 100kWp സോളാർ പവർ പ്ലാന്റ് മൂങ്കിൽമട ഇറിഗേഷൻ സ്ഥലത്ത് സ്ഥാപിച്ചു വരുന്നു

**(ഇ)** പാലക്കാട് മൂലത്തറ ഡാം ആർ.ബി. കനാൽ ദീർഘിപ്പിക്കുന്ന പദ്ധതി മൈക്രോ ഇറിഗേഷൻ പദ്ധതിയുമായി ബന്ധിപ്പിച്ചാണോ നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ?

__മറുപടി:__ മൂലത്തറ ഡാം ആർ ബി കനാൽ ദീർഘിപ്പിക്കുന്ന പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു. ഒന്നാംഘട്ടം കോരയാർ മുതൽ വരട്ടയാർ വരെയും, രണ്ടാംഘട്ടം വരട്ടയാർ മുതൽ വേലംന്താവളം വരെയുമായി ക്രമീകരിച്ചിരിക്കുന്നു. രണ്ടാംഘട്ട ദീർഘിപ്പിക്കൽ പ്രവൃത്തിയിൽ സ്ഥലമെടുപ്പ് പ്രക്രിയ പുരോഗമിച്ചുവരുന്നു. ഇതിന്റെ നിർമ്മാണച്ചുമതല കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC) ആണ്. ടി പദ്ധതിയുടെ ജലവിതരണം മൈക്രോ ഇറിഗേഷൻ പദ്ധതി കനാൽ/ അക്വഡക്ടിൽ (Aqueduct) സ്ഥാപിച്ചിട്ടുള്ള സ്പൗട് എന്നിവ മുഖേന സാധ്യമാകുന്നു.

**സെക്ഷൻ ഓഫീസർ**